# എച്ച്.എസ്.എസ്.തിരുവമ്പാടി

## ആലപ്പുഴ - 9

ഫോൺ - 0477- 2261661



ഒരു ലിറ്റിൽ കൈറ്റ്സ്
പ്രസിദ്ധീകരണം

# സർഗ്ഗവർണ്ണങ്ങൾ

## 2019-'20

# മുഖമൊഴി

ജീവിതത്തിലെ വസന്തകാലമാണ് പഠനകാലം. ചിന്തകളും ഭാവനകളും അഭിപ്രായങ്ങളും രൂപപ്പെടുന്ന കാലം. ദിശാബോധത്തോടെ ശ്രേഷ്ഠവഴികളിലൂടെ ലക്ഷ്യത്തിലെത്തിച്ചേരാൻ പരീക്ഷാകേന്ദ്രീകൃതം മാത്രമായ പഠനത്തിനാവില്ലല്ലോ.മാതൃകാപരമായരീതിയിൽ സ്വത്വം രേഖപ്പെടുത്താനാവുന്ന സർഗ്ഗവേളകൾക്ക് മിഴിവേകാൻ, എച്ച്.എസ്.എസ്.തിരുവമ്പാടി ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ പുറത്തിറങ്ങുന്ന ഡിജിറ്റൽ മാഗസിന്, കഴിഞ്ഞിട്ടുണ്ടെന്ന് കരുതുന്നു. ഇൻഫൊർമേഷൻ ടെക്നോളജിയിൽ തത്പരരായ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളാണ് മാഗസിൻ രൂപപ്പെടുത്തിയതെന്നുള്ളത് നമുക്കേറെ അഭിമാനിക്കാം. വളരെ സന്തോഷത്തോടെ സഹൃദയസമക്ഷം 'സർഗ്ഗവർണ്ണങ്ങൾ' സമർപ്പിക്കുന്നു.

ചീഫ് എഡിറ്റർ
ജയചന്ദ്രൻ.എസ്,
ഹൈസ്കൂൾ വിഭാഗം അദ്ധ്യാപകൻ,
എച്ച്.എസ്.എസ്. തിരുവമ്പാടി,
ആലപ്പുഴ – 9

# ഉള്ളടക്കം


പ്രകൃതിയമ്മേ.... - കരുണ കൃഷ്ണൻ.യു 8 C
അനാഥൻ - നന്ദന.എസ് 8 D
തെരുവിന്റെ സന്തതി - കെ ബി ശ്രീഹർഷൻ നമ്പൂതിരി 9 B
തെരുവു നായ - നന്ദന.എസ് 8 D
ചങ്ങല - അജിത.വി (സാമൂഹ്യശാസ്ത്ര അധ്യാപിക)
പ്ലാസ്റ്റിക്ക് വളർന്നു വരുന്ന
ഭീകരൻ - കാർത്തിക്.എസ്.നായർ 5 B
അറിവിന്റെ മായാജാലം - കാർത്തിക്.എസ്.നായർ 5 B
രൂപാന്തരം - ജയചന്ദ്രൻ.എസ് (മലയാളംഅദ്ധ്യാപകൻ)
പഴയ വിദ്യാലയം - അർച്ചന 7 A
സ്നേഹമഞ്ചാടിമണികൾ - ലക്ഷ്മി.യു 9 C
അമ്മക്കനൽ - ആദിത്യ.ജോബ് 8 E
കുട്ടിക്കുറുമ്പി - ഹരിത എസ് നായർ 9 B
എന്റെ പ്രയാണം - ഗീതു എസ് പിള്ള 9 B
മാഞ്ഞുപോയ നിമിഷം - അനശ്വര.സജു. 9 C
ഐ.ടിയുടെ മുന്നേറ്റം
ശാപമോ അനുഗ്രഹമോ? - ലക്ഷ്മി കാർത്തിക.ജെ 10 A

# പ്രകൃതിയമ്മേ....

പ്രകൃതിയമ്മേ.... പ്രകൃതിയമ്മേ.....
കോപിക്കരുതമ്മേ....
ക്ഷോഭം മാറ്റമ്മേ....സ്നേഹം നൽകമ്മേ....
വാരി പുണരമ്മേ.....
പ്രകൃതിയമ്മേ.... പ്രകൃതിയമ്മേ.....
കോപിക്കരുതമ്മേ....

മനുഷ്യരാം ഞങ്ങൾ ചെയ്തോരപരാധം....
പൊറുക്കണമേയമ്മേ കനിവുള്ളോരമ്മേ...
കരുണചൊരിയേണം ചേർന്നുനിൽക്കേണം
ഇനിയുള്ള കാലം മുഴുവനും.

ഇനിയെറിയില്ലമ്മേ...ഇനിയെറിയില്ലമ്മേ...
മാലിന്യം നിൻ മാറത്ത്.
ജലം എന്ന നിൻ മകനെ....
ഇനി ഞങ്ങൾ ഒരിക്കലും വേദനിപ്പിക്കില്ല.



പ്രകൃതിയമ്മേ.... പ്രകൃതിയമ്മേ.....
കോപിക്കരുതമ്മേ....
ക്ഷോഭം മാറ്റമ്മേ....സ്നേഹം നൽകമ്മേ....
വാരി പുണരമ്മേ.....
പ്രകൃതിയമ്മേ.... പ്രകൃതിയമ്മേ.....
കോപിക്കരുതമ്മേ....

കരുണ കൃഷ്ണൻ.യു
8 C

# അനാഥൻ

എന്നെ എന്തിനെന്നറിയില്ല
എല്ലാവരും അനാഥൻ എന്ന് വിളിക്കുന്നു.

ഞാനിന്നു ജീവനിൽ കൊണ്ടുനടക്കുന്ന
എന്റെ സ്വപ്നങ്ങൾ എന്തെന്ന് എനിക്കറിയില്ല.

അനാഥൻ എന്നെന്തിനെന്നെ വിളിക്കുന്നു
ഞാനിന്നനാഥൻ ആണോ എന്തോ...?

എന്തിനെന്നറിയില്ല എന്റെ മാതാപിതാക്കൾ
എന്നെ തെരുവിൽ ഉപേക്ഷിച്ചിട്ടു പോയി.

സന്ധ്യ മയങ്ങുമ്പോൾ തെരുവിന്റെ മാറിലായി,
മരംകോച്ചുന്ന തണുപ്പിൽ കുപ്പായം ഇല്ലാതെ ഞാൻ വിറച്ചുറങ്ങാതുറങ്ങി.

തെരുവിൽ ഞാൻ കിടക്കുമ്പോൾ പട്ടികൾ,
പൂച്ചകൾ എന്റെ അരികിൽ വന്നാൽ.

ഒന്നൊച്ച വെക്കാൻ പോലും
വിശന്നിട്ട് എന്റെ നാവു പൊങ്ങില്ല...

ഞാനിന്നനാഥനായ് പോയതിൻ വേദന
എത്രമാത്രമെന്നാർക്കും അറിയില്ല.
അല്ലെങ്കിൽ അവർ എന്തിനറിയണം .......



**നന്ദന. എസ്**

**8 D**

# തെരുവിന്റെ സന്തതി

കൊച്ചിലെ തൊട്ടെ എനിക്കുപരിചിതമീ തെരുവ്.
അമ്മയില്ലാത്തെനിക്കമ്മയീ തെരുവ്.
വിശക്കുമ്പോൾ ഊട്ടുമീ തെരുവ്.
എൻ ലോകം തന്നെയീ തെരുവ് ...



അതിരാവിലെ തന്നെയെഴുന്നേറ്റ്,
വിശപ്പിനെ പോറ്റാൻ എന്തും തേടുന്ന ഞാൻ.
ഏതെങ്കിലും ചപ്പു ചവറുകളിൽനിന്നും,
അന്യന്റെ എച്ചിൽ തിന്നാൻ വിധിക്കപ്പെട്ടിരിക്കുന്ന ഞാൻ...

എന്നെ കണ്ടാൽ ചിലർ പേടിക്കും .
ചിലർ കല്ലെറിയും, ചിലർ ആട്ടിയോടിക്കും.
ആകെപ്പാടെ സ്നേഹം ഞാൻ നുകരുന്നത്,
തെരുവിന്റെ മക്കളായ ഭിക്ഷാടകരിൽനിന്നുമാത്രം ...

സമ്പന്നരുടെ നായ്ക്കൾക്ക് എന്നോട് അയിത്തം.
മനുഷ്യരെന്തിനെന്നോട്  കാട്ടുന്നീ ക്രൂരത.
ഞാൻ എത്ര മറക്കാൻ ശ്രമിച്ചാലും,
ചിലർ എന്റെ ഓർമ്മയെ എറിഞ്ഞുണർത്തുമ്പോൾ.
എല്ലാം ഓർക്കുന്നു... ഒരു തെരുവുനായ അല്ലേ ഞാൻ ...

എച്ച്.എസ്.എസ്.തിരുവമ്പാടി,ആലപ്പുഴ-9

ഹേ ഭഗവാനേ ! എന്തിനെന്നെ അയച്ചു നീ
ഈ ഭ്രൂമുഖത്തെക്കെന്നേ...
എന്തിനെന്നെ വിധിച്ചു നീ
ഈ ക്രൂരതകളിലേക്ക്...



കെ.ബി.ശ്രീഹർഷൻ നമ്പൂതിരി
9 B

# തെരുവു നായ

എന്ത് തെറ്റു ഞാൻ ചെയ്തെന്നറിയില്ല,
ഞാനിന്നീ തെരുവിന്റെ മൃഗമായി....
എന്നിലെ വിശപ്പിന്റെ കരച്ചിൽ കേൾക്കാനു-
മെന്നെ ഒന്നോർക്കാനും ആരുമില്ല.
അലറി കരഞ്ഞുകൊണ്ടൊന്നു ഞാൻ ചോദിച്ചു.
എന്തിനു മനുഷ്യാ നീ ഇങ്ങനെ ചെയ്യുന്നു,
ഞാനുമീ ഭൂമിയിലെ ഒരു ജീവനല്ലേ......
എന്നെ കണ്ടിട്ട് കല്ലെറിയുമ്പോഴും
ഓർക്കു..... നീ മനുഷ്യാ എന്റെ അവസ്ഥ !
ഒന്നും നിന്നെ ഞാൻ ചെയ്തില്ലെങ്കിലും
എന്തിനു നീ എന്നെ ഇന്ന്കല്ലെറിയുന്നു.
നായയായ് ജനിച്ചു എന്നതേ തെറ്റ്.
ആ തെറ്റിനാൽ ഞാനിന്നീ
തെരുവിൽ താമസിക്കുന്നു.
എന്റെ വിശപ്പും ആർത്തിയും കൊണ്ടാവും
ആരെയൊക്കെയോ ഞാനിന്നുപദ്രവിച്ചുപോയി.
എത്രയോ നാളുകൾ വിശന്നുകിടന്നിട്ടും
എന്തേ, ആരും എന്നെ നോക്കിയില്ല.



നന്ദന. എസ്
8 D

# ചങ്ങല

ചിന്തകൾചിതലെടുത്ത
ഭൂതകാലത്തിന്നോർമ്മയും
പേറിയീമണ്ണിന്നാഴങ്ങളിൽ
തുരുമ്പുപുതച്ചുറങ്ങുമൊരു
ചങ്ങല തൻ കണ്ണി ഞാൻ!

കണ്ണികൾകണ്ണികളായങ്ങനെ
നീളുമൊരു കാലമുണ്ടെൻ
മനസ്സിൻ നിർജ്ജീവമാം
ചോരവറ്റിയോരറകൾതന്നാഴങ്ങളിൽ!
ഓർമ്മകളെന്നിൽ പെരുമഴ പോൽ
ആർത്തലച്ചുപെയ്യുന്നൊരീ
കർക്കിടക രാവിനന്ധകാരത്തിൽ!

ഒരു ഭ്രാന്തന്റെ മെയ്യാഭരണമായി
പഴമതൻ മണമുള്ളചായിപ്പിനുള്ളിലെ
വെറുംനിലത്തിഴഞ്ഞതുമീ
മഴക്കാല രാവിന്നറുതിയിലല്ലോ!

നിലാവിൻ വെള്ളിനൂലിഴകളീ
ജാലകത്തിലൂടൊഴുകിയെത്തീടവേ

തിളങ്ങുന്നൊരെൻകണ്ണി തൻ ചേലു
കണ്ടുച്ചത്തിൽ പൊട്ടിച്ചിരിക്കുമീ ഭ്രാന്തനം!
ചങ്ങല തീർത്തൊരുവടുവിനാൽ

ചുട്ടുനീറുമ്പോഴും ഒരിറ്റു കണ്ണീരൊഴുക്കാതെ
വേദന തന്നാഴങ്ങളെ പുൽകുമൊരു
പാവമാം മർത്യജന്മമിവൻ!
ആത്മനൊമ്പരം പങ്കുവെയ്ക്കുമെൻ
ചങ്ങാതിതൻ ജൽപ്പനങ്ങളിൽ.

അന്യമാം താരാട്ടു പാട്ടിന്നീരടികൾ
കൊതിച്ചൊരു കുഞ്ഞുമനസ്സു ഞാൻ കണ്ടു !
ഉച്ചത്തിൽ പാടുന്ന പാട്ടുകളിലെല്ലാം
നിറഞ്ഞൊരുവേദനകൾ
കണ്ണുനീരായെന്നിലൂടൊഴുകുന്നുവെന്നോ!

പിന്നെയൊരിക്കലെൻ
ചങ്ങാതി തന്നധരങ്ങൾ മൂകമായി ,
മൃത്യുതൻതണുപ്പരിച്ചെത്തുന്നതറിഞ്ഞു
ഞാൻ തളർന്നു പോയി !

കർക്കിടമഴകളൊത്തിരി പെയ്തു ഭൂമിതൻ
മാറിലൊരുചങ്ങലയായ് മണ്ണിന്നാഴങ്ങളിൽ

മൂടുമ്പോഴും തുരമ്പാർന്നതിന്നെന്റെ
കണ്ണികളെല്ലാം ശിഥില
മായപ്പോഴുമാഭ്രാന്തന്റെ
പാട്ടിനായ് കാത്തിരിക്കുമൊരു
ഇരുമ്പുതരിയായി
ഈ മണ്ണിലിപ്പോഴും ഞാൻ ........



**അജിത.വി**
സാമൂഹ്യശാസ്ത്രഅധ്യാപിക

# പ്ലാസ്റ്റിക്ക് വളർന്നു വരുന്ന ഭീകരൻ

മരണമില്ലാത്ത മരണം വിതയ്ക്കുന്ന ഭീകരൻ പ്ലാസ്റ്റിക്കിന് ഈ വിശേഷണം നല്കുന്നതാകും ഉത്തമം.കത്തിച്ചു കളഞ്ഞാൽ വായു മലിനീകരണം, മണ്ണിലെറിഞ്ഞാലോ പരിസ്ഥിതിനാശം.

ആധുനികലോകത്തിൽ ഏറ്റവുമധികം തലവേദന സൃഷ്ടിക്കുന്നതാണ് പ്ലാസ്റ്റിക്കിന്റെ സംസ്കരണവിഷയം. ഇന്നത്തെലോകത്തു ഒരു സാധാരണക്കാരന്റെ ജീവിതത്തിൽ പോലും ഒഴിവാക്കാനാവാത്ത വസ്തുക്കളിൽ ഒന്നായി പ്ലാസ്റ്റിക്മാറിക്കഴിഞ്ഞു. നമ്മുടെകൊച്ചു കേരളത്തിൽ പോലും പ്ലാസ്റ്റിക്കിന്റെ ഉപയോഗത്തിലുണ്ടായ ക്രമാതീതമായ വർദ്ധനവ് ആരെയുംഞെട്ടിപ്പിക്കുന്നതാണ്. പ്രകൃതിയോട്ഇണങ്ങാത്ത,മണ്ണിനോട് ചേരാത്ത ഖരമാലിന്യങ്ങളാണ് പ്ലാസ്റ്റിക്കുകൾ.

"അധികാമയാൽ അമൃതും വിഷം" എന്ന ചൊല്ലിനെ അനുസ്മരിപ്പിക്കും വിധം പ്ലാസ്റ്റിക്കിന്റെ അമിതമായ ഉത്പാദനവും ഉപയോഗവും ഭൂമിക്ക്തന്നെ ഭീഷണിയായികൊണ്ടിരിക്കുക-യാണ്.എത്രനാൾ വേണമെങ്കിലും അലിഞ്ഞുചേരാതെ മണ്ണിനടിയിൽ കിടക്കുവാൻ പ്ലാസ്റ്റിക്കിന്കഴിയും.

പരിസ്ഥിതിനാശത്തിന്റെ വികൃതമുഖമാണ് ഈ ഭീകരനിൽ നിറഞ്ഞുകാണുന്നത്. സമസ്തമേഖലകളിലും പ്ലാസ്റ്റിക് ഉത്പന്നങ്ങളുടെ സാന്നിധ്യം നമുക്കകാണാനാകും.കാഴ്ചയിലെ ഭംഗിയും  എല്ലാറ്റിനുമുപരി വളരെ കുറഞ്ഞവിലയുമാണ് പ്ലാസ്റ്റിക്കിന്റെ ആകർഷണ ഘടകങ്ങൾ. കട്ടി കുറഞ്ഞ അൻപത് പൈസ കവർ മുതൽ വീട്ടുപകരങ്ങൾ ഉൾപ്പെടുന്ന വലിയ സാധനങ്ങൾ വരെ ഇന്ന് പ്ലാസ്റ്റിക് ഉത്പന്നങ്ങളാണ്.

പ്ലാസ്റ്റിക്കിന്റെ ഉപയോഗം പരമാവധി കുറയ്ക്കുക, അലക്ഷ്യമായി പ്ലാസ്റ്റിക് സാധനങ്ങൾ മണ്ണിൽവലിച്ചെറിയാതിരിക്കുക. കാരണം പ്ലാസ്റ്റിക് മണ്ണിനടിയിൽ നശിക്കാതെ കിടക്കുന്നത് നിമിത്തം വൃക്ഷങ്ങളുടെ വേരോട്ടം തടസ്സപ്പെടുന്നു, മഴവെള്ളം ഭൂമിയിലേക്ക് ആഴ്ന്നിറങ്ങുന്നതിനെ പ്രതിരോധിക്കുന്നു.

തീർച്ചയായും പ്ലാസ്റ്റിക്കിന് പകരംവെക്കാനാകുന്ന പ്രകൃതി ദത്തമായ ധാരാളം വസ്തുക്കൾ നമുക്ക്ചുറ്റിലുമുണ്ട്. നിത്യോപയോഗത്തിന് അത്തരം വസ്തുക്കൾ ഉപയോഗിക്കുന്നതാണ് അഭികാമ്യം.



കാർത്തിക്.എസ്.നായർ

5 B

# അറിവിന്റെ മായാജാലം

അറിവിന്റെ ബലം ജീവിതത്തിലെ ഓരോ നിമിഷങ്ങളിലും ആവശ്യമാണ്. നമ്മുടെ ഭാരതത്തിലെ ഓരോ മഹാവ്യക്തികളും അറിവിന്റെ ശക്തികൊണ്ട് നമ്മുടെ രാജ്യത്തെ ഒരു മഹാരാജ്യമാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ശാസ്ത്രജ്ഞരുടെ പ്രയത്നം മൂലം നമ്മൾ അറിവിന്റെ ഓരോ പടികളും കടന്നുചെല്ലുകയാണ്.

ശാസ്ത്രജ്ഞർ ഇപ്പോൾ ബഹിരാകാശം മുട്ടേ കടന്നു ചെല്ലാനുള്ള ശ്രമത്തിലാണ്. ആകാശത്തും, വെള്ളത്തിലും, കരയിലും വരെ ചെല്ലാനുള്ള ഉപകരണങ്ങൾ എല്ലാം നമ്മൾ കണ്ടുപിടിച്ചിട്ടുണ്ട്. ഇതെല്ലാം അറിവിന്റെ അദ്ഭുതങ്ങളാണ്.
അറിവ് മൂലം പല കാര്യങ്ങളും കണ്ടുപിടിച്ചിട്ടുണ്ട്. ഇനിയും എത്രയോ കാര്യങ്ങൾ കണ്ടുപിടിക്കുന്ന ശ്രമത്തിലാണ് നമ്മൾ.
കണ്ടുപിടിത്തങ്ങളുടെ അടിസ്ഥാനമാണ് അറിവ്. അത് നമ്മൾ പാഴാക്കരുത്.

അറിവിന്റെ മായാജാലം അദ്ഭുതങ്ങൾ സൃഷ്ടിക്കുന്നു. വർഷം കൂടുന്തോറും അറിവും കൂടുകയാണ്. അതിനാൽ അറവിന്റെ ഒപ്പം യാത്ര ചെയ്യുക, അറിവ് എന്ന മഹാസാഗരത്തെ മനസ്സിലാക്കുക.
അതിനോടൊപ്പം ബഹുമാനവും, എന്നാൽ മാത്രമേ ജീവിതത്തിൽ ഒരു സ്ഥാനം ഉണ്ടാവുകയുള്ളൂ...



കാർത്തിക്.എസ്.നായർ

**5 B**

# രൂപാന്തരം

പാടിപ്പുകഴ്ത്തിയ ബന്ധത്തിൻ വാക്കുകൾ
പൊന്നിൻ ചിലമ്പിട്ടു ചിരിച്ചുതുള്ളി.
അമ്മിഞ്ഞപ്പാലിന്റെ ഓർമ്മനനവുകൾ
ചുണ്ടിൽ തുളുമ്പി പതഞ്ഞു നിന്നു.
ഏറ്റേറ്റു പാടി പഠിപ്പിക്കും ഞാൻ നിത്യം
വാത്സല്യം ഊറുന്ന തായ് വാക്കുകൾ.
ഓരോരോ വാക്കുകൾ ഉരുവിട്ടു ചൊല്ലുമ്പോൾ
പൗർണമി പാലിന്റെ തേൻകുളിര്.
അമ്മ വാക്കിന്റെയകിടുചുരത്തുന്ന
പൊൻകണി എങ്ങും നിറഞ്ഞ നേരം.
കണ്ണീരുപ്പിന്റെ ഉറവ പൊടിക്കുന്ന
ബാലിക തൻ മുഖം ചൊന്നുവല്ലോ.
എന്തേ കാരണം കണ്ണുനനയുവാൻ
എന്തേ കാരണം  പെൺകിടാവേ.
മൂർദ്ധാവ് കുമ്പിട്ടു ഒരുവാക്ക് ചൊല്ലാതെ
മൗനമോ മെല്ലെ നിണമണിഞ്ഞു.
സ്വസ്ഥത എന്നിൽ അസ്വസ്ഥത തീർത്തപ്പോൾ
അവൾ മെല്ലെവന്നു പതുങ്ങിനിന്നു
എന്തേ നീ വന്നു? എന്ന് ചോദിക്കും മുമ്പേ
അവൾ നീട്ടി എന്തോ എഴുത്ത് കുത്ത്.
'സാർ, ഒന്ന് വായിക്കു' എൻ കവിത.

ഇരുമിഴിയെന്നോട്ട നിന്നു കേണു.
നിന്റെ സ്വരത്തിൽ ചിറകുമുളയ്ക്കട്ടെ
നിന്നിൽ നിന്നുയിരായ പൊൻകവിത.
ചിന്നിയ മറ്റൊരു ചില്ലുകൂട്ടിൽ
പാതി ചലനമില്ലാതെ കിടന്നു അച്ഛൻ,
എന്നും കലപില കൂട്ടിയ കിളിയമ്മ
പൊൻകൂട് തേടി,അലഞ്ഞു പോയി.

പൊള്ളുന്ന വാക്കുകൾ പെരുമഴ പെയ്തപ്പോൾ,
പച്ചിലക്കുടചൂടി, നരവീണകിളികൾ.
കനൽവാക്ക് ചൊരിയുന്ന ഹൃദയവഴികളിൽ,
തോരണവാക്കായി തൂങ്ങിയോ അമ്മ.
കണ്ണീർ തളിച്ച ചിരിയുടെ വിരുതിനാൽ
അവൾ മെല്ലെയോതി'ഇതെൻ ജീവിതം'.

എന്തു പറഞ്ഞു ഞാൻആശ്വാസവാക്കാകും.
എന്തു പറഞ്ഞു ഞാൻ കൂടെനിൽക്കും.
കണ്ണുകൾ എന്തേ ചുവക്കുന്നു ഗുരുനാഥാ?
കണ്ണുകൾ എന്തേ നിറയുന്നു?
ഉത്തരം കിട്ടാതെ മുഖം തിരിച്ച ഞാൻ
ഉത്തരം കിട്ടാതെ മുഖം തിരിച്ചു.
ചുവരിൽ തൂക്കിയ കലണ്ടറിൻ മുകളിൽ

രവിവർമ്മ ചിത്രം കൊതിപ്പിച്ചുനിന്നു.
വാൽസല്യമോലുന്നൊരമ്മയും കുഞ്ഞും,
അർത്ഥമില്ലാത്തൊരു നോട്ടം എറിയുന്നു.
ഞാനേറെ പഠിപ്പിച്ച അമ്മക്കവിതകൾ,
കാതിൽ നിശബ്ദമായി വാവിട്ടു കരയുന്നു.



ജയചന്ദ്രൻ.എസ്
മലയാളം അദ്ധ്യാപകൻ

# പഴയവിദ്യലയം

മാവിന്റെ ചോട്ടിൽ,
കണ്ണിമാങ്ങ  പെറുക്കി നടന്ന കാലം.
ഈ കൊച്ചു ഗ്രമത്തിൽ,
നിറദീപമേകുന്ന എന്റെ വിദ്യാലയം.
പാടവും മലയും പുഴയും കടന്ന്
ഞാനെത്തുന്നെൻ പ്രിയ കോവിലിൽ.
നക്ഷത്രകുടാരം പോലെൻ സഹപാഠികൾ,
ഓടികളിക്കുന്ന മണ്ണിൽ  വീണും കരഞ്ഞും
പേർത്ത് ഒച്ചയിട്ട് നാം ഓടിക്കളിച്ചു.
അച്ഛനും അമ്മയും സമമാണ് നമ്മൾ തൻ
അദ്ധ്യാപകർ,  കാലം കടന്നു കടന്നുപോയി മാറ്റങ്ങൾ. എന്തെല്ലാം
മാറ്റങ്ങൾ, മാറ്റങ്ങളിൽ നൊന്തുകരഞ്ഞു നാം
ആരുമറിയാതെ, ഫ്ലാറ്റുകൾ പൊങ്ങി, റിസോർട്ടുകൾ
പൊങ്ങിയിപ്പോഴും എപ്പോഴും മനസ്സിൽ
പഴകിയ ഓർമ്മകൾ,
പ്രിയ വിദ്യാലയത്തിന്റെ ഓർമ്മകൾ.
വീണ്ടും ആ മാവിൻ ചുവടുവേണം.
കണ്ണിമാങ്ങ പെറുക്കുവാൻകൂട്ടുകാർ വേണം.
എനിക്കെന്റെ വിദ്യാലയം തിരികെ വേണം....

അർച്ചന

7 A

# സ്നേഹമഞ്ചാടിമണികൾ.

കഴിഞ്ഞകാല ഓർമ്മകളിലെ ഒരു പിടി സ്നേഹക്കതിരുമായി വീണ്ടും അവൾക്കുമുന്നിൽ ചിങ്ങമാസം മഴയോട് കൂടി വന്നു. ഇരുട്ടിൽ മിന്നാമിനുങ്ങിൻ വെളിച്ചം പകരുന്ന പോലെ മെഴുകുതിരിയുടെ നറുങ്ങു വെളിച്ചത്തിൽ തന്റെ കൊച്ചുഡയറിയിൽ കുറിച്ച കഴിഞ്ഞകാല സ്മരണയായി എഴുതിയ ഓരോ ദിനങ്ങളിലൂടെ അവളുടെ കണ്ണുകൾ പരതി. കല്യാണത്തലേന്ന് ഉള്ള വാദ്യാഘോഷങ്ങളും മറ്റുകമ്പടികളും അവളിൽ മഴ ഓർമിപ്പിച്ചു.മുൻപ് കൊച്ചനുജന് കളിക്കാൻ താൻ നൽകിയ ഓരോ മഞ്ചാടിമണികൾ.

പ്ലസ് വൺ കാലത്ത് തന്റെ വീട്ടുകാരോടായി വിടപറഞ്ഞതാണ് തന്റെ അച്ഛൻ. ആ സങ്കടത്തിൽ നിന്ന് കരകയറി തുടങ്ങവേ ഒരു രാത്രിയിൽ അവളുടെ കാതുകളിലേക്ക് മറ്റൊരു മഹാസങ്കടം കൂടി കേൾ ക്കേണ്ടി വന്നു.തന്റെ മഞ്ചാടിമണികൾക്ക് കൂട്ടു നഷ്ടപ്പെട്ടിരിക്കുന്നു.എല്ലാ വാർത്തകളെക്കാളും അവളെ തളർത്തിയത് ആ വാർത്തയാണ് കുഞ്ഞുനാൾ തൊട്ട് ഇന്നലെ വരെ അവന്റെ കുഞ്ഞി കൈയിൽ പിടിച്ചു കളിച്ച നാളുകൾ കാലങ്ങൾ മറികടന്നു. വെയിലായി മഞ്ഞായി

അവസാനം തന്റെ വീടിനടുത്തായി ഒരു ചെറിയ ക്ഷേത്രത്തിൽ വലിയ ആർഭാടം ഒന്നുമില്ലാതെ കല്യാണം നടന്നു തന്റെ സമ്മതത്തോടെയല്ല ഒന്നും, അമ്മയുടെ നിർബന്ധത്താൽ മാത്രമാണ്.തന്റെ കൊച്ചനുജന്റെ ആഗ്രഹം അമ്മയെ നോക്കണം എന്നായിരുന്നു.അതിന് ഈ കല്യാണം ഒരു വഴിയൊരുക്കുമെന്ന് അവൾക്ക് തോന്നിയിട്ടാണ് ഈ സമ്മതം. രണ്ടുവർഷം കഴിയവേ അവൾ നിസ്സഹായയായാം വിധം വീൽചെയറിലായി ഒരു ആക്സിഡന്റ്.തന്റെ നാത്തൂന്റെ വിവാഹദിനം താനും അമ്മയും കൂടി സഞ്ചരിച്ച കാറിനു പിന്നിൽ നിയന്ത്രണംവിട്ട മറ്റൊരു ടിപ്പർ ഇടിച്ചുകയറി. കാറിൽ നിന്ന് മിനി ഇറങ്ങവെയാണ് ഇടി നടന്നത് അതുകൊണ്ട് സങ്കടത്തോണിയിൽ കണ്ണീർ കുടിച്ച് അവൾ ഒറ്റയ്ക്ക് ജീവിതത്തോട് പൊരുതുന്നു, വീൽചെയറിൽ. അടഞ്ഞ ഇരുട്ടുമുറിയിൽ അവൾക്ക് ബാക്കിയായി സങ്കടം വിതറുന്ന ഒരുപിടി നൊമ്പരങ്ങളുടെ നേർക്കാഴ്ചയായി ആ ഡയറി മാത്രം. അവൾ ഇന്ന് ആകെ മാറിയിരിക്കുന്നു. ഇനിയൊന്നും ആർക്കും വേണ്ടി കൂട്ടി വയ്ക്കാനില്ല. ദിശകൾ ഇല്ല ആത്മഹത്യ ചിന്തകൾ പലപ്പോഴും കടന്നു പോയിട്ടുണ്ടെങ്കിലും 6 വയസ്സു പോലുമാവാതെ വിട്ടുപോയ തന്റെ കണ്ണന്റെ ഓർമ്മ അവളെ വല്ലാതെ അലട്ടുന്നു

അതുകൊണ്ട് അവൾ ആത്മഹത്യയ്ക്ക് വേണ്ടി ഒരുങ്ങിയില്ല ഇപ്പോൾ അവൾക്ക് വസ്ത്രവും ആഹാരവും മതി.നേഴ്സറിയിൽ നിന്ന് കിട്ടുന്ന വരുമാനത്തിൽ അവൾ ജീവിക്കുന്നു ബാക്കി സാധനങ്ങളും ഭക്ഷണങ്ങളും മറ്റുള്ള പാവപ്പെട്ടവർക്ക് നൽകിയവൾ ഇന്നും ആ മുറിയിൽ കഴിയുന്നു ...

മഴയുടെ ശക്തി കുറഞ്ഞു പക്ഷേ അവളുടെ കണ്ണിർ പെയ്തു തോർന്നിട്ടില്ല. തന്റെ കൊച്ചു നൊമ്പരക്കണ്ണീർ ഡയറി അടച്ചു. പക്ഷേ, പെയ്തു തോർന്നിൽ ഏകയായ ജീവിതത്തിൽ കണ്ണീരുമാത്രം ബാക്കി.അവൾ തന്റെ മഞ്ചാടിമണികൾ ഇട്ട പാത്രത്തിൽ ചുംബിച്ചു എന്നിട്ട് അതിന്റെ അടപ്പ് അടിച്ചു.അതിൽ അവന്റെ ഒരു ഫോട്ടോയും ഉണ്ടായിരുന്നു. അവൾ സാവകാശം അവിടെ കിടന്നു. അവൾ അറിഞ്ഞില്ല അത്, അവളുടെ അവസാന ഉറക്കമായിരുന്നുവെന്ന്. മഞ്ചാടിമണികൾക്കൊപ്പം കണ്ണീരും കഥകളും മാത്രമായവൾ അതിനൊപ്പം എന്നന്നേക്കുമായി മയങ്ങി.....

ലക്ഷ്മി.യു
9 C

# അമ്മക്കനൽ

വേണ്ടെന്ന് വെച്ച് അമ്മ തീവാക്ക ചൊല്ലി.
വാക്കുകൾ കൊണ്ട് അമ്മ അസ്ത്രം മെനഞ്ഞു.
കാരിരുമ്പിന്റെ ഹൃദയമോ അമ്മയ്ക്ക്
അത് മാറ്റാനാവില്ലതമ്പുരാനും.

എന്തിനമ്മേ,നീ എന്നെ തള്ളിപറഞ്ഞു.
ഒടുവിൽ എന്തിനമ്മേ... നീ... എന്നെ വലിച്ചെറിഞ്ഞു.
കാണാതിരുന്നു കാണുമ്പോൾ തൊട്ട് നെഞ്ചിന്റെ ഉള്ളിൽ .

വിങ്ങലുപോലെ ,സ്നേഹം കൊണ്ടാണോ
കോപം കൊണ്ടാണോ താങ്ങാൻ
അറിയാതെ ഞാൻ അങ്ങിരുന്നു.

അമ്മ കളഞ്ഞിട്ടു പോയൊരു ജന്മം.
ആർക്കും വേണ്ടാതായി തീർന്നൊരു ജന്മം.
ജീവിതത്തിൽ സുഖം അറിയില്ല.
കാലം എത്രയെന്നെ വേദനിപ്പിച്ചു.

വേദന കൊണ്ടു ഞാൻ കരഞ്ഞു എന്നും.
അമ്മയെ കാണാൻ കൊതിച്ചു നിന്നപ്പോൾ,

എന്നിലെ ഇഷ്ടമോ നഷ്ടത്തിലായി.
വേരുകൾ എല്ലാം ദ്രവിച്ച തുടങ്ങി.

ജീവിതം പെരുമഴ പ്രളയത്തിൽ മുങ്ങിപ്പൊങ്ങി.
അച്ഛൻ കിളിയേതോ തകർന്ന കൂട്ടിൽ കിടപ്പിലായി
എന്തിനോ വേണ്ടി വഴക്കിട്ടമ്മ .
സ്വർണ്ണക്കൂട്ട തേടി അലഞ്ഞു നടന്നു.

എന്നെ തള്ളിയ വാക്കുകൾ പെരുമഴ പെയ്തപ്പോൾ
കുടചൂടി നിന്നു ഉവലു കൊഴിഞ്ഞ രണ്ടിണക്കിളികൾ,
കുഞ്ഞനിയനെ കാണാൻ കൊതിച്ച,
അവന്റെ സ്നേഹ സാമീപ്യം കൊതിച്ച,

എല്ലാം മറന്നൊന്നുറങ്ങട്ടെ ഞാൻ ,
ആരെങ്കിലും എന്റെ ഓർമ്മയെ തല്ലിയുണർത്തും വരെ..

ആദിത്യ ജോബ്
8 E

# കുട്ടിക്കുറുമ്പി

ഒറ്റയ്ക്കിരിക്കുമ്പോൾ ഓർക്കുന്ന ഞാനെന്റെ
കൊച്ചുകുറുമ്പിയാം പൊന്നോമനേ...
കുസൃതിത്തരങ്ങൾക്ക് കൂട്ടിനായച്ഛന്റെ
ചാരത്തുവന്നവൾ തോണ്ടി നിൽക്കും
പരസ്യങ്ങളായ പരസ്യങ്ങളൊക്കെയും
കാതുകൂർപ്പിച്ചവൾ കേട്ടുനിൽക്കും,
കഖഗഘങ എന്നു മൊഴിഞ്ഞമ്മ
പുസ്തകത്താളുമായ് പിന്നിൽനിൽക്കേ
പോകുന്നവഴികളിൽ മിഠായി ചോദിച്ചു,
താതന്റെ ചിന്തകൾ മുറിച്ചിടുന്നു
വായിൽ പുഴുക്കൾ നുരയ്ക്കുമെന്നോതി
മാതാവുനിറുകയിൽ മെല്ലെ തഴുകിടുന്നു
ഉള്ളിലെ ഗദ്ഗദം വിതുമ്പലായി മാറുമ്പോൾ
വാരിപ്പുണർന്നു ഞാൻ പൊന്നോമനേ....



ഹരിത എസ് നായർ
9 B

# എന്റെ പ്രയാണം

മാഞ്ഞുപോകുമാ സന്തോഷങ്ങളൊക്കെയും
ഇനിയെൻ ഓർമ്മയിൽ സ്വപ്നങ്ങൾ മാത്രം.
വരും കാലനിമിഷങ്ങളൊക്കെയും;
എൻ ഹൃദയത്തിനുള്ളിലെ സ്പന്ദനങ്ങളാകാം.

നീറുമീ മനസുകളൊക്കെയും മറക്കുവാനും,
പൊറുക്കുവാനും പഠിപ്പിച്ചു.
എനിക്കായി നൽകിയ തേനൂറും വാക്കുകൾ
ഇനിയെന്നും ഞാൻ കാത്തുസൂക്ഷിക്കും...

ഈ കാലമത്രയും എനിക്ക് ലഭിച്ച
സ്നേഹവും പരിലാളനയും,
പെട്ടെന്നെങ്ങോ മാഞ്ഞുപോയതുപോലെ
മനസ്സ് ഒരു വെള്ളകടലാസിനുസമം

നിന്റെ വാക്കുകളെ അറിയാതെ,
തുടക്കവും ഒടുക്കവും അറിയാതെ,
എങ്ങോട്ടെന്നറിയാതെ...
ഞാൻ തുടങ്ങുന്നു..
"എന്റെ പ്രയാണം"

ഗീതു.എസ്.പിള്ള
9 B

# മാഞ്ഞുപോയ നിമിഷം

നീ മാഞ്ഞുപോയ നിമിഷം ഏകയാം
എന്റെ ഹൃത്തിൽ നീ തളർന്നിരുന്നിപ്പോഴും.
അളവറ്റസ്നേഹം എൻ ഹൃദയത്തിൽ
പാർപ്പിച്ചു മാഞ്ഞതല്ലേ നീ.
മഴവന്നു മണ്ണിൽ മുത്തമിട്ടുംപോലെ
എത്രമുത്തം തന്നു ഞാൻ നിൻ തിരുനെറ്റിയിൽ.
ആകാംക്ഷയോടെ കാത്തിരുന്നതല്ലേ നിൻ
മുഖം കാണാൻ ഏറെ നാളുകൾ.
ഒരോ ദിനങ്ങളിൽ നീ പറഞ്ഞ വാക്കുകൾ
ഞാൻ മനസ്സിനുകൈമാറി സൂക്ഷിക്കാറുണ്ടിപ്പോഴും.
എൻ മുഖചരായ പതിപ്പിച്ച നിൻമുഖം.
പാതിവഴിയേ നീ ഉപേക്ഷിച്ചു.
മാനസാന്തരത്തിലാണ്ടുകിടക്കുകയാ-
ണെപ്പോഴുമെൻ മനമതും നീ കാരണം.
മഴവില്ലിൻ ഏഴുനിറമൊട്ടിക്കിടക്കുന്നെപ്പോഴുമതു-
പിരിയുന്നില്ലൊരിക്കലുമൊന്നായിത്തന്നെ കഴിയുന്നു.
എന്നാൽ നമ്മുടെ പ്രണയംപൂർണമാക്കാൻ
കഴിഞ്ഞില്ലല്ലോ.
ആഴത്തിലാണ്ടുകിടക്കുന്ന സ്നേഹമുറിവെന്നിൽ

നൽകിയിട്ടെന്തേ നീ പോയന്ന്.
മേഘവും മാരിയുമൊരുപോലെയാണിപ്പോഴുമതുപോലെ-
യാണോ സഖീ നമ്മുടെ പ്രണയം.
ഇലപൊഴിഞ്ഞ ശേഷം പച്ചപ്പ് വരുന്നു.
കടലിൻ തിരകളെത്രയോ തള്ളിനീങ്ങി.
എന്നിട്ടും എന്നെത്തേടിവരാഞ്ഞതെന്തേ.
താമസമെന്തേ കാത്തിരിപ്പാൻ എൻ
മനമുരുകുന്നു വേഗം വരിക സഖീ....

അനശ്വര.സജു.
9 C

# ഐ.ടി യുടെ മുന്നേറ്റം ശാപമോ അനുഗ്രഹമോ?

"നാടോടുമ്പോൾ നടുവേ ഓടണം"എന്നത് പ്രസക്തമായവാചകമാണ്.ഐ.ടി(Information technology)-യുടെ മുന്നേറ്റം എന്നത് നാണയത്തിന്റെ ഇരുവശങ്ങൾ പോലെയാണ്.കാലത്തിനൊപ്പം നമ്മുടെ ചിന്തകളും മാറുകയാണ് . ഐ.ടിയുടെവളർച്ച ഈ കാലഘട്ട-ത്തിൽ ഒരു അനുഗ്രഹമാണെന്ന പറയാം.

ലോകത്തുള്ള എന്തിനെപറ്റിയും ഒരു വിരൽ തുമ്പിലെ വിസ്മയമാക്കിയത് ഈ സാങ്കേതിക വിദ്യ-യാണ്. അത് നിത്യജീവിതത്തെ കൂടുതൽ സരസമാക്കുന്നു.ശാസ്ത്രത്തിന്റെ വളർച്ച ഒരു സാധാരണ മനുഷ്യനെവരെ ഏറെ സഹായിക്കുന്നു.വീട്ടിലെ ഉപകരണങ്ങളും ഇന്റർനെറ്റ് എന്ന വിസ്മയവും ശാസ്ത്ര-സംഭാവന തന്നെ.

പുതുതലമുറയ്ക്ക് ഇതിനോടുള്ള ആവേശം മൂലമായിരിക്കാം ഇന്ന് കൊതുകിനേക്കാൾ എൻജിനീ-യർമാർ നമ്മുടെ നാട്ടിൽ പെരുകുന്നത്. അതിനെക്കുറിച്ച് കൂടുതൽ അറിയാനും കൂടുതൽ കണ്ടെത്തലുകൾ സൃഷ്ടിക്കാനുമായിരിക്കാം ഒരു പക്ഷേ ഈ ജിജ്ഞാസ.

ഇതിന്റെ നല്ല വശങ്ങൾപോലെ തന്നെ മറ്റൊരു വശവും ഇതിനുണ്ട്.ഹിരോഷിമയിലും നാഗസാക്കിയിലും പതിച്ച അണുബോംബുകളും ഇതിന്റെ സംഭാവന തന്നെ എന്നോർക്കുക.മനുഷ്യ-ജീവിതം സരസമാക്കാനും അതുപോലെ തന്നെ കാർന്നുതിന്നാനും ഇതിനെകൊണ്ട് സാധിക്കുമെന്ന് ഇതിൽ നിന്ന് മനസ്സിലാക്കുന്നു.

കണ്ടുപിടിത്തങ്ങൾ എപ്പോഴും മനുഷ്യനന്മയ്ക്ക് വേണ്ടി ആയിരിക്കണം.അല്ലാത്തപക്ഷം സമൂഹത്തിന്റെ അധപതനത്തിന് നാം സാക്ഷ്യം വഹിക്കേണ്ടി വരും.

ഐ.ടിയുടെ മുന്നേറ്റം ഒരനുഗ്രഹമാക്കി മാറ്റി അതിനെ നല്ല രീതിയിൽ മാത്രം ഉപയോഗപ്പെടുത്തുക.നല്ലൊരു നാളേക്കായി നമുക്ക് പ്രത്യാശിക്കാം.



ലക്ഷ്മി.കാർത്തിക.ജെ
10 A



ഗൗരി ലക്ഷ്മി.എം

9 A



ഗൗരി ലക്ഷ്മി.എം

9 A




കാവ്യ.ഉദയൻ
9 A



ഭവതാരിണി.കെ

9 A




ഗൗരി ലക്ഷ്മി.എം

9 A

## കവർ ഡിസൈൻ

ഗൗരി.ലക്ഷ്മി 9 A

## ടൈപ്പ് സെറ്റിങ്

കെ.ബി.ശ്രീഹർഷൻ നമ്പൂതിരി 9 B

കാവ്യ.ഉദയൻ 9 A

അജ്മൽ 9 D

ഉല്ലാസ്.യു 9 D

ദിശ.വി 9 C

സൂരജ്.അനിൽ 9 D

# നന്ദി

സർഗ്ഗവർണ്ണങ്ങൾ എല്ലാവർക്കും ഇഷ്ടമാകുമെന്ന് പ്രതീക്ഷിക്കുന്നു.ഈ മാഗസിനുവേണ്ടി വളരെയധികം പ്രവർത്തിച്ച ലിറ്റിൽ കൈറ്റ്സിലെ എല്ലാ കുട്ടികാർക്കും നേതൃത്വം വഹിച്ച ജയചന്ദ്രൻ സാറിനും ബിന്ദു ടീച്ചറിനും വളരെയധികം നന്ദി രേഖപ്പെടുത്തുന്നു.

ലിറ്റിൽ കൈറ്റ്സ് ലീഡേഴ്സ്

കെ ബി ശ്രീഹർഷൻ നമ്പൂതിരി

കാവ്യ ഉദയൻ